# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3371** — **29.01.2014-ൽ മറുപടിക്ക്**

## കാസർഗോഡ് പീലിക്കാട് ഫാമിൽ ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.കെ.പി.മോഹനൻ (കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) കാസർഗോഡ് ജില്ലയിലെ പ്രാദേശിക കൃഷി വിജ്ഞാന കേന്ദ്രമായ പീലിക്കാട് ഫാമിൽ ജീവനക്കാരുടെ നിരവധി ഒഴിവുകൾ വർഷങ്ങളായി ഉണ്ടായിട്ടും ഇവ നികത്താൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ? | എ) 2006 യു.ജി.സി. ശമ്പള പരിഷ്കരണം കേരള കാർഷിക സർവ്വകലാശാലയിൽ നടപ്പിലാക്കിയതിനാൽ അദ്ധ്യാപക നിയമനത്തിൽ 2006 യു.ജി.സി. മാനദണ്ഡങ്ങൾ പ്രകാരമുള്ള യോഗ്യതകൾക്കനുസൃതമായി സ്റ്റാറ്റ്യൂട്ട് ഭേദഗതി വരുത്തേണ്ടതുണ്ട്. അതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരുന്നു. ഭേദഗതി പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് അദ്ധ്യാപക തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ നടത്താവുന്നതാണ്.<br>കേരള കാർഷിക സർവ്വകലാശാലയുടെ 111-മത് ജനറൽ കൗൺസിൽ യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാലയിലെ അനദ്ധ്യാപക നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനു നൽകികൊണ്ടുള്ള സ്റ്റാറ്റ്യൂട്ട് ഭേദഗതി നിർദ്ദേശത്തിന് ബഹുമാനപ്പെട്ട ഗവർണറുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്. സർവ്വകലാശാല നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷനെ ഏൽപ്പിച്ചുകൊണ്ടുള്ള നടപടികൾ പൂർത്തിയായാൽ മാത്രമെ സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന പല കേന്ദ്രങ്ങളിലും ഒഴിവുള്ള തസ്തികകളിലേയ്ക്ക് നിയമനം സാധ്യമാകുകയുള്ളൂ. |

സെക്ഷൻ ഓഫീസർ